# കാർഷിക പ്രദർശന മേളയ്ക്ക് തുടക്കം

Kerala Kaumudi 14.01.2018

വടക്കാഞ്ചേരി: മലയാളികൾ കാർഷിക വൃത്തിയെ ജീവിതചര്യയാക്കിമാറ്റണമെന്നും അന്യം നിന്നുപോയ കാർഷിക സംസ്കൃതിയെ തിരിച്ചു പിടിക്കാൻ പ്രസംഗമല്ല പ്രവർത്തിയാണ് ആവശ്യമെന്നും നടി രചന നാരായണൻകുട്ടി പറഞ്ഞു. കേരള കാർഷിക സർവകലാശാലാ ഹോർട്ടികൾച്ചർ കോളേജിലെ നാലാം വർഷ ബിരുദ വിദ്യാർത്ഥികളുടെയും നഗരസഭയുടെയും സംയുക്താഭിമുഖ്യത്തിൽ നഗരസഭാ പരിസരത്ത് ഗ്രാമീണ സഹവാസ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച കാർഷിക പ്രദർശന മേളയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു രചന നാരായണൻ കുട്ടി.

വൈസ്ചെയർമാൻ എം.ആർ. അനൂപ് കിഷോർ, പൊതുമരാമത്ത് സ്ഥിരം സമിതി അദ്ധ്യക്ഷൻ എം. ആർ. സോമനാരായണൻ, നഗരസഭാ കൗൺസിലർമാർ തുടങ്ങിയവർ പങ്കെടുത്തു.



വടക്കാഞ്ചേരി നഗരസഭയിൽ നടക്കുന്ന കാർഷിക പ്രദർശന മേള രചന നാരായണൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു.

പത്തു സ്റ്റാളുകളിലായി സർവകലാശാലയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, നൂതന കാർഷിക വിദ്യകൾ, ചെങ്ങാലിക്കോടൻ, ടിഷ്യൂ കൾച്ചർ വാഴതൈകൾ, വിവിധം ഇനം ചെടികളുടെയും വിത്തുകളുടെയും പ്രദർശനവും വിൽപ്പനയുമാണ് ദ്വിദിന കാർഷിക പ്രദർശന വിപണനമേളയിൽ ഒരുക്കിയിട്ടുള്ളത്. കർഷകർക്കായി വിവിധ സെമിനാറുകൾ, പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്കായുള്ള മത്സരങ്ങൾ എന്നിവ പരിപാടിയുടെ ഭാഗമായി നടന്നു. കേച്ചേരി പുഴ സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ നടത്തിയ ആദ്യഘട്ട സർവ്വേയുടെ സിറ്റിസൺസ്റിപ്പോർട്ട് ഇന്നു നടക്കുന്ന സമാപന സമ്മേളനത്തിൽ പ്രകാശനം ചെയ്യും. മന്ത്രി എ.സി. മൊയ്തീൻ പ്രകാശന കർമ്മം നിർവഹിക്കും. പ്രദർശനവും വിൽപ്പനയും ഇന്നും തുടരും.